# റബീഉൽ അവ്വൽ ഉണർത്തുന്ന ചിന്തകൾ

● പി.പി. അബ്ദുർറഹ്മാൻ,പെരിങ്ങാടി

**നബിയുടെ ദൗത്യം ഒരിക്കലും ഒരു പ്രത്യേക സമുഹത്തിലോ കാലഘട്ടത്തിലോ പരിമിതമല്ല. മനുഷ്യർക്കു മാത്രമല്ല, മൃഗങ്ങളുൾപ്പടെയുള്ള ജന്തുജാലങ്ങൾക്കെല്ലാം അനുഗ്രഹമാണ് നബിയുടെ അധ്യാപനങ്ങൾ. നബിയുടെ കാരുണ്യവും നബിചര്യയുടെ വെളിച്ചവും നബിസന്ദേശങ്ങളിൽ നിറഞ്ഞുനിൽക്കുന്ന നന്മകളുമെല്ലാം മനുഷ്യകുലത്തിനാകെയുള്ള നിരന്തര അനുഗ്രഹ വർഷമാണ്. ലോകർക്കാകെ അനുഗ്രഹം (റഹ്മത്തുൻ ലിൽ ആലമീൻ) എന്ന ഖുർആൻ പ്രയോഗം എത്ര അർഥ പൂർണം!**

**ഹിജ്റ** കലണ്ടറിലെ മൂന്നാമത്തെ മാസമായ റബീഉൽ അവ്വലിന് മതപരമായ പുണ്യമേതുമില്ല. പക്ഷേ, ചരിത്രപരമായ പ്രാധാന്യമുണ്ട്. ഗുണപാഠ പ്രധാനമായ ചരിത്രം ആവേശദായകമായ ഒരു സ്രോതസ്സാണ്. ഈ മാസത്തിലാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)യുടെ ജനനവും വിയോഗവുമുണ്ടായത്. നബി(സ)യുടെ ജീവിതത്തിലെ മദീനയിലേക്കുള്ള 'ഹിജ്റ' നടന്നതും ഈ മാസത്തിൽ തന്നെ. നബി(സ)യെ മറ്റെന്തിനേക്കാളുമുപരി സ്നേഹിക്കാനും അനുസരിക്കാനും അനുകരിക്കാനും സദാ ബാധ്യസ്ഥരായ കോടിക്കണക്കിന് മുസ്‌ലിംകളിൽ നബി(സ)യെ പറ്റിയുള്ള സ്മരണകൾ ഇത്തരുണത്തിൽ കൂടുതൽ കൂടുതൽ കടന്നു വരിക സ്വാഭാവികം മാത്രമാണ്.

പതിനഞ്ചു നൂറ്റാണ്ടു മുമ്പ് മക്കയിലെ അബ്ദുല്ല-ആമിന ദമ്പതികളുടെ മകനായാണ് മുഹമ്മദ് (സ) ജനിക്കുന്നത്. ജനിക്കുന്നതിനു മുമ്പേ പിതാവ് മരിച്ചു, കുട്ടിക്കാലത്തുതന്നെ മാതാവും. പിന്നീട് സംരക്ഷകനായ പിതാമഹൻ അബ്ദുൽ മുത്വലിബും മരിക്കുന്നു. ഒടുവിൽ പിതൃവ്യനായ അബൂത്വാലിബിന്റെ സംരക്ഷണത്തിൽ കുട്ടി വളരുന്നു. ദാരിദ്ര്യവും മറ്റിതരപ്രയാസങ്ങളുമേറെയുണ്ട്. നാട്ടിലെ ചുറ്റുപാട് ഒട്ടും മെച്ചമല്ല. അധാർമികത അതിന്റെ പാരമ്യത്തിൽ. മദ്യപാനം, വ്യഭിചാരം, കലഹം, ചൂതാട്ടം തുടങ്ങി സകല തിന്മകളും സർവത്ര. ഒരു ചരിത്രകാരൻ ആ സമൂഹത്തെ ഇങ്ങിനെ പരിചയപ്പെടുത്തി: Three Ws Were their motos of life. i.e wine women and war പെൺകുഞ്ഞു പിറന്നാൽ ജീവനോടെ കുഴിച്ചു മൂടുന്നു. 'അവരിലാർക്കെങ്കിലും ഒരു പെൺ ജന്മത്തിന്റെ ശുഭവൃത്താന്തമറിയിക്കപ്പെട്ടാൽ അവൻ മ്ലാനവദനനും അതീവ ദുഃഖിതനുമായിത്തീരുന്നു. തനിക്കു വന്നെത്തിയ വാർത്തയുടെ മാനഹാനിയാൽ അവൻ ജനങ്ങളിൽ നിന്നൊളിക്കുന്നു. നിന്ദ്യത പേറിക്കൊണ്ട് കുഞ്ഞിനെ നിലനിറുത്തണമോ അതല്ല അതിനെ കുഴിച്ചുമൂടണമോ എന്ന ധർമസങ്കടത്തിൽ....' (*അന്നഹ്ൽ*: 58,59). ചുരുക്കത്തിൽ, മനുഷ്യന്റെ കർമദൂഷ്യങ്ങളാൽ സർവത്ര നാശവും കുഴപ്പവും വ്യാപിച്ചിരുന്നു. സാമൂഹ്യശാസ്ത്ര തത്ത്വമനുസരിച്ച് മനുഷ്യന്റെ വ്യക്തിത്വ രൂപീകരണത്തിൽ ചുറ്റുപാടിന് വലിയ പങ്കുണ്ട്; എന്നല്ല പലരെയും രൂപപ്പെടുത്തുന്നത് തന്നെ ചുറ്റുപാടാണ്. നൂറുകണക്കിന് അബൂജഹ്‌ലുമാർക്ക് ജന്മം നൽകാൻ പോന്ന ദുഷിച്ച സാഹചര്യം. അത്തരത്തിലുള്ള അനേകം നികൃഷ്ടർക്ക് അന്നത്തെ സാഹചര്യം ജന്മം നൽകി. എന്നാൽ ഈ സാമൂഹ്യശാസ്ത്ര തത്ത്വത്തിന്ന് തികച്ചും അപവാദമായി അത്യത്ഭുതകരമായ രീതിയിലാണ് അനാഥനായ മുഹമ്മദ്(സ) ശൈശവത്തിൽ നിന്ന് ബാല്യത്തിലേക്കും തുടർന്ന് യൗവനത്തിലേക്കും വളർന്നു വലുതാവുന്നത്. ചുറ്റുപാടുമുള്ള തന്റെ നാട്ടുകാരും കൂട്ടുകാരും ബന്ധുക്കളുമായ സമൂഹം തിന്മയിൽ മുങ്ങി ജീവിക്കുന്നു. എന്നാൽ മുഹമ്മദ് അതിൽനിന്നൊക്കെ അകന്നു മാറി നിൽക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവ മഹിമനിമിത്തം നാട്ടുകാർ അദ്ദേഹത്തെ സ്നേഹാദരപൂർവം സത്യവാൻ(അസ്സ്വാദിഖ്) എന്നും വിശ്വസ്തൻ (അൽ അമീൻ) എന്നും വിളിക്കുന്നു. സ്തുത്യർഹൻ എന്ന തന്റെ നാമത്തെ തികച്ചും അന്വർഥമാക്കിക്കൊണ്ട്, അനിതര സാധാരണമായ സൽഗുണങ്ങളുടെ ഉടമയായി നാൽപത് വയസ്സ് പിന്നിടുമ്പോഴാണ് അദ്ദേഹത്തിന് പ്രവാചകത്വം ലഭിക്കുന്നത്. ദിവ്യബോധനം (വഹ്‌യ്) ലഭിച്ചതിനെ തുടർന്ന് ഗുണകാംക്ഷാപൂർവം സ്വജനതയോട് പ്രബോധനം ചെയ്തപ്പോഴും നാട്ടുകാർക്ക് അദ്ദേഹം വ്യാജം പറയുകയാണെന്ന് ആരോപിക്കാൻ ധൈര്യമുണ്ടായില്ല. 'നമ്മുടെ സൂക്തങ്ങൾ അവർക്ക് വിശദമായും വ്യക്തമായും ഓതിക്കേൾപ്പിക്കപ്പെട്ടപ്പോൾ നാമുമായി പരലോകത്ത് കണ്ടുമുട്ടുമെന്ന് പ്രതീക്ഷയില്ലാതിരുന്നവർ പറയുകയായി: നീ ഇതല്ലാത്ത മറ്റൊരു ഖുർആൻ കൊണ്ടുവരൂ. അല്ലെങ്കിൽ അതിൽ ഭേദഗതി വരുത്തൂ' (*യൂനുസ്*: 5) മറ്റൊരിടത്ത് ഖുർആൻ പറയുന്നത് കാണുക '....അവർ നിന്നെ കളവാക്കുന്നില്ല; മറിച്ച് അക്രമികൾ അല്ലാഹുവിന്റെ സൂക്തങ്ങളെയും ദൃഷ്ടാന്തങ്ങളെയുമാണ് നിഷേധിക്കുന്നത്' (6:33).

മറ്റൊരു ഖുർആൻ കൊണ്ടുവരികയോ അല്ലെങ്കിൽ തങ്ങളുടെ അഭീഷ്ടത്തിനൊത്ത് ചില ഭേദഗതികൾ ഖുർആനിൽ വരുത്തുകയോ ചെയ്യാൻ നാട്ടുകാരും ബന്ധുക്കളുമായ പ്രതിയോഗികൾ ആവശ്യപ്പെട്ടപ്പോൾ നബിക്ക് അല്ലാഹു നിർദേശിച്ച മറുപടി വളരെ ശ്രദ്ധേയവും ചിന്തനീയവുമാണ്. 'പറയുക, എന്റെ ഇഷ്ടത്തിനൊത്ത് ഇതിൽ മാറ്റം വരുത്താൻ എനിക്കധികാരമില്ല. എനിക്ക് ബോധനം നൽകപ്പെട്ടത് അപ്പടി

പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഞാനെന്റെ റബ്ബിന്റെ ഇംഗിതത്തിന് വിപരീതം പ്രവർത്തിക്കുന്ന പക്ഷം ഭയങ്കരമായ ഒരു നാളിലെ കഠിനകഠോരമായ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു. പറയുക, അല്ലാഹു ഇഛിച്ചില്ലായിരുന്നെങ്കിൽ ഞാനിത് നിങ്ങൾക്ക് ഓതികേൾപ്പിക്കുകയോ ഇതേപ്പറ്റി നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. പ്രവാചകനാകുന്നതിന് മുമ്പ് ദീർഘകാലം നിങ്ങൾക്കിടയിൽ നിങ്ങളിലൊരുവനായി ഞാൻ കഴിഞ്ഞിട്ടുണ്ടല്ലോ? നിങ്ങൾ ചിന്തിക്കുന്നില്ലേ?' (*യൂനുസ്*: 15, 16).

തന്റെ ന്യായപ്രമാണമായി നാലപത് വർഷത്തെ ജീവിതവിശുദ്ധിയാണ് നബി(സ) ഇവിടെ ഉയർത്തിക്കാട്ടുന്നത്. ഈ ദീർഘ കാലയളവിൽ സത്യവിരുദ്ധമായി നബി വല്ലതും പ്രവർത്തിച്ചതായി ആരും ഒട്ടും ആക്ഷേപിക്കുന്നേയില്ല. ഏതെങ്കിലും നിലക്കുള്ള വിദ്യാഭ്യാസം നേടുന്നത് പോയിട്ട് അക്ഷരജ്ഞാനമെങ്കിലും നേടിയതായി ശത്രുക്കൾക്ക് വാദമുണ്ടായിരുന്നില്ല. നബി(സ)യുടെ വിശ്വസ്ഥതയിലും സ്വഭാവ വിശുദ്ധിയിലും അങ്ങേയറ്റത്തെ ബഹുമാനമായിരുന്നു അവർക്ക്. തങ്ങളുമായി കടുത്ത വിയോജിപ്പ് പുലർത്തുമ്പോഴും പ്രതിയോഗികൾ നബി (സ)യുടെ പക്കൽ സൂക്ഷിപ്പുമുതൽ ഏൽപിക്കാറുണ്ടായിരുന്നു. പ്രതിയോഗികളുടെ പലവിധ ശല്യങ്ങൾ അസഹനീയമായപ്പോൾ നബി(സ) മക്കവിട്ട് മദീനയിലേക്ക് ഹിജ്റ പോയി. ആ ഘട്ടത്തിൽ പോലും നബിയുടെ പക്കൽ പലരുടെയും സൂക്ഷിപ്പുമുതലുണ്ടായിരുന്നു. അതൊക്കെ കൃത്യമായി തിരിച്ചേൽപ്പിക്കാൻ അലി(റ)യെ ചുമതലപ്പെടുത്തിയിട്ടാണ് നബി മക്ക വിട്ടത്. അബൂസ്വുഫ്യാന്റെ പുത്രി റംലയെ (പിൽക്കാലത്ത് ഉമ്മുഹബീബ) നബി(സ) വിവാഹം കഴിച്ചത് മക്കയിൽ ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു. ഇതിൽ കുപിതരും ക്ഷുഭിതരുമായ ചിലർ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന അബൂസ്വുഫ്യാനെ സമീപിച്ച് രോഷപ്രകടനം നടത്തിയപ്പോൾ അന്ന് അമുസ്‌ലിമായിരുന്ന അബൂസ്വുഫ്യാൻ പറഞ്ഞ മറുപടിയുടെ സാരമിതായിരുന്നു: '..എന്റെ പുത്രിക്ക് ഈ ഭൂമുഖത്ത് ലഭിക്കാവുന്നതിൽ വെച്ചേറ്റവും ഉത്തമനായ വരനെയാണ് ലഭിച്ചിരിക്കുന്നത്....' റോമാ ചക്രവർത്തി ഹിർഖലിന്റെ ദൂതൻ സിറിയയിൽ വെച്ച് മുഹമ്മദ് നബിയെ പറ്റി അന്ന് അമുസ്‌ലിമായിരുന്ന അബൂസ്വുഫ്യാനോട് കുറെ വിവരങ്ങൾ ആരാഞ്ഞപ്പോൾ നബിയുടെ സത്യസന്ധത, വാഗ്ദത്ത പാലനം, മാന്യത തുടങ്ങി പല സംഗതികളും സമ്മതിച്ചു സംസാരിച്ചതും ചരിത്ര വസ്തുതയാണ്. നബിയുടെ സ്വഭാവ മഹിമയും വ്യക്തിത്വ വിശുദ്ധിയും പ്രവാചകത്വത്തിന്റെ സത്യത വിളംബരം ചെയ്യുന്നുണ്ട്.

'അഖില ലോകത്തിന്നും അനുഗ്രഹമായി' നിയുക്തനായ അന്ത്യപ്രവാചകന്റെ പ്രവാചകത്വ സാക്ഷ്യങ്ങൾ അനവധിയാണ്.നബി(സ)യുടെ ദൗത്യം ഒരിക്കലും ഒരു പ്രത്യേക സമുഹത്തിലോ കാലഘട്ടത്തിലോ പരിമിതമല്ല. മനുഷ്യർക്കും ജിന്നുകൾക്കും ബാധകമാണ് നബിയിലൂടെ അവതീർണമായ മാർഗദർശനം. മനുഷ്യർക്കു മാത്രമല്ല, മൃഗങ്ങളുൾപ്പടെയുള്ള ജന്തുജാലങ്ങൾക്കെല്ലാം അനുഗ്രഹമാണ് നബിയുടെ അധ്യാപനങ്ങൾ. നബി(സ)യുടെ കാരുണ്യവും നബിചര്യയുടെ വെളിച്ചവും നബിസന്ദേശങ്ങളിൽ നിറഞ്ഞുനിൽക്കുന്ന നന്മകളുമെല്ലാം മനുഷ്യകുലത്തിനാകെയുള്ള അനുഗ്രഹ വർഷമാണ്. ലോകർക്കാകെ അനുഗ്രഹം (റഹ്മത്തുൻ ലിൽ ആലമീൻ) എന്ന ഖുർആൻ പ്രയോഗം എത്ര അർഥ പൂർണം. നബി(സ)ക്ക് ലോകാന്ത്യം വരെയുള്ള മനുഷ്യമക്കളോടുള്ള വാത്സല്യവും ദയയും വിവരിക്കാൻ മനുഷ്യഭാഷയിലെ പദാവലികൾ അശക്തമാകയാൽ, അല്ലാഹു സ്വയം പരിചയപ്പെടുത്താൻ ഉപയോഗിച്ച രണ്ടു സൽ നാമങ്ങൾ(റഊഫ്, റഹീം) കടമെടുത്തിട്ടാണ് നബിയെ പരിചയപ്പെടുത്തിയിട്ടുള്ളത് (9: 128). വഴികേടിലകപ്പെട്ട് ഗതികെട്ടുപോകുന്ന മനുഷ്യരെ ഓർത്തുള്ള നബി(സ)യുടെ വേവലാതി മൂലം നബി ആത്മനാശം വരുത്തുമാറായിരിക്കുന്നുവെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. 'ജനങ്ങൾക്കാകെ ശുഭവാർത്തയറിയിക്കുന്നവനും മുന്നറിയിപ്പുകാരനു'മായ അന്ത്യപ്രവാചകനിലൂടെ അവതീർണമായ വിശുദ്ധ ഖുർആനും 'ജനങ്ങൾക്കാകെ മാർഗദർശനമാണ്'(2:185). ഈ വിശുദ്ധ വേദം അല്ലാഹുവിനെ പരിചയപ്പെടുത്തിയത്, റബ്ബുൽ ആലമീൻ (സർവലോക പരിപാലകൻ) അർറഹ്മാൻ (പരമകാരുണികൻ) എന്നിങ്ങനെ വിശാല വിഭാവനയോടെയാണ്. പ്രഥമ ദേവാലയമായ കഅ്ബയെ ഖുർആൻ പരിചയപ്പെടുത്തിയത് 'ജനങ്ങൾക്കു വേണ്ടി നിർമിക്കപ്പെട്ട മന്ദിരം' എന്നാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഉരുവംകൊള്ളുന്ന ആദർശ സമൂഹത്തെ ജനങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമുദായം എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ഇങ്ങനെ വിശാല മാനവിക വീക്ഷണം നിറഞ്ഞുനിൽക്കുന്ന നബി(സ)യുടെ പ്രബോധനം സകല പക്ഷപാതിത്തങ്ങളുടെയും അടിവേരറുക്കുന്നു.

മനുഷ്യസ്നേഹത്തിന് വിഘാതമാവുന്ന എല്ലാ പക്ഷപാതിത്തങ്ങളെയും നബി(സ) നിരാകരിച്ചു. തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു: 'അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ ഒരു ശ്രേഷ്ഠതയുമില്ല – ദൈവഭക്തികൊണ്ടല്ലാതെ. എല്ലാവരും ആദമിന്റെ സന്തതികൾ; ആദമാകട്ടെ മണ്ണിൽ നിന്നും' മറ്റൊരിക്കൽ നബി(സ) പറഞ്ഞു: 'ജനങ്ങൾ ചീർപ്പിന്റെ പല്ലുകൾ പോലെ സമന്മാരാണ്.' തന്നെ നാടുവിടാൻ നിർബന്ധിതനാക്കുമാറ് പല നിലക്കും ഉപദ്രവിച്ചവരെ പിന്നീട് അതിജയിച്ച് മക്ക ജയിച്ചടക്കിയപ്പോൾ നബി(സ) നൽകിയ പൊതുമാപ്പ് ഹൃദയവിശാലതക്ക് മതിയായ തെളിവാണ്. സ്വന്തം പള്ളിയിൽ നജ്റാനിൽ നിന്ന് വന്ന അതിഥികളായ ക്രൈസ്തവർക്ക് പ്രാർഥനാനുമതി നൽകിയ നബി(സ)യുടെ സഹിഷ്ണുത വിശ്വോത്തരമാണ്.

നബി(സ) ഇഹലോകവാസം വെടിയുമ്പോൾ പടയങ്കി ഒരു ജൂതന്റടുക്കൽ പണയത്തിലായിരുന്നല്ലോ! ആദർശ മേഖലയിലെ വിയോജിപ്പ് ഉള്ളതോടൊപ്പം ജീവിത മേഖലയിൽ മറ്റുള്ളവരോട് സഹവസിക്കുകയും സഹകരിക്കുകയും വേണമെന്ന പാഠം നൽകിക്കൊണ്ടാണ് നബി യാത്രയായത്. വേണമെങ്കിൽ നബിക്ക് അബൂബക്കർ, ഉസ്മാൻ, അബ്ദുർറഹ്മാനുബ്നു ഔഫ്(റ) തുടങ്ങിയ സാമ്പത്തിക ശേഷിയുള്ള സഖാക്കളുടെ പക്കൽ പണയം വെക്കാമായിരുന്നു. പക്ഷേ, സമുദായത്തിന്നൊരു സന്ദേശം നൽകാനായിരിക്കാം നബി(സ) അല്പം ഗോതമ്പിനു വേണ്ടി ജൂതന്റെ പക്കൽ പടയങ്കി പണയം വെച്ചത്. വലിയ ഒരു രാഷ്ട്രത്തിന്റെ നായകനായിരിക്കുമ്പോഴും പാവപ്പെട്ടവന്റെ അതീവ ലാളിത്യമാണ് നബി(സ) സദാ പുലർത്തിയത് എന്ന പാഠവും ഏറെ പ്രസക്തമാണ്. ■